**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1479** **16-10-2026-ൽ മറുപടിയ്ക്ക്**

**തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിനുള്ള പദ്ധതികൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എൻ. ശക്തൻ

ശ്രീ. സി. വി. ശാന്തകുമാർ

ശ്രീ. എം. ആർ. ബൈജു

ശ്രീ. ടി. സിദ്ദീഖ്

(കൃഷി വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി മുഴുവൻ തരിശുഭൂമിയും കണ്ടെത്തുന്നതിന് എന്തെങ്കിലും നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഇതിനായി മാപ്പിങ് നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

**മറുപടി:** സംസ്ഥാനത്തെ കാർഷിക സ്ഥിതിവിവരക്കണക്കുകളുടെ നോഡൽ ഏജൻസിയായ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന **EARAS** സർവേയുടെ ഭാഗമായി, സംസ്ഥാനത്തെ തരിശുഭൂമിയുടെ വിസ്തൃതി സംബന്ധിച്ച വിവരങ്ങൾ താഴെപ്പറയുന്ന മൂന്ന് വിഭാഗങ്ങളിലായി ശേഖരിച്ചുവരുന്നു:

(i) **നിലവിലെ തരിശുഭൂമി (Current Fallow)** — തൻവർഷം മാത്രം കൃഷി ചെയ്യാതെ കിടക്കുന്ന ഭൂമി

(ii) **നിലവിലെ തരിശ് ഒഴികെയുള്ള തരിശുഭൂമി (Fallow Other than Current Fallow)** — ഒന്നു മുതൽ അഞ്ചു വർഷം വരെ കൃഷി ചെയ്യാതെ കിടക്കുന്ന ഭൂമി.

(iii) **കൃഷിയോഗ്യമായ തരിശുഭൂമി (Cultivable Waste) —** അഞ്ചു വർഷത്തിലധികമായി കൃഷി ചെയ്യാതെ കിടക്കുന്നതും കൃഷിക്ക് ഉപയോഗപ്പെടുത്താവുന്നതുമായ ഭൂമി.

സംസ്ഥാനത്തെ പാടശേഖരങ്ങളുടെ വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിനും തരിശുഭൂമി നിർമ്മാർജ്ജന പരിപാടികൾ കാര്യക്ഷമമായി നിരീക്ഷിക്കുന്നതിനുമായി വിവിധ തലങ്ങളിൽ നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി, കാർഷിക സേവനങ്ങൾക്കായുള്ള 'കതിർ' **(KATHIR)** ഏകീകൃത പോർട്ടലിന്റെ സ്പേഷ്യൽ ഡാറ്റാ ബാക്ക്ബോൺ (Spatial Data Backbone) ശക്തിപ്പെടുത്തുന്നതിനായി കേരള സംസ്ഥാന ലാൻഡ് യൂസ് ബോർഡിനെ (KSLUB) ചുമതലപ്പെടുത്തിക്കൊണ്ട് ഒരു സമഗ്ര പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഓഫീസ് ഓട്ടോമേഷൻ ആൻഡ് ഐ.ടി ഇൻഫ്രാസ്ട്രക്ചർ (Office Automation and IT Infrastructure) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഇത് നടപ്പിലാക്കുന്നത്. ഈ പദ്ധതിയിലൂടെ പഞ്ചായത്ത് തലത്തിൽ പാടശേഖരങ്ങൾ, നിലവിൽ നെൽകൃഷിയുള്ള സ്ഥലങ്ങൾ, തരിശുഭൂമികൾ. തരം മാറ്റിയ നിലങ്ങൾ, തണ്ണീർത്തടങ്ങൾ എന്നിവയുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു സ്പേഷ്യൽ ഡാറ്റാബേസ് തയ്യാറാക്കുന്നതാണ്. ഈ സംവിധാനം ഉപയോഗിച്ച് ഓരോ പാടശേഖരത്തിലുമുള്ള തരിശുഭൂമിയുടെ അളവ് കൃത്യമായി തിട്ടപ്പെടുത്തുന്നതിനും കാർഷിക പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും സാധിക്കും. ഓഫീസ് ഓട്ടോമേഷൻ ആൻഡ് ഐ.ടി ഇൻഫ്രാസ്ട്രക്ചർ' പദ്ധതിയിലെ 'കതിർ'

ആപ്പുമായി ബന്ധപ്പെട്ട് കേരളാ സംസ്ഥാന ലാൻഡ് യൂസ് വകുപ്പിൽ നിന്നും നെൽവയലുകളുടെയും, തണ്ണീർത്തടങ്ങളുടെയും ജി ഐ എസ് മാപ്പുകളുടെയും ഷെയ്പ്പ് ഫയലുകളുടെയും സമാഹരണം എന്ന ഘടകം വഴിയാണ് പ്രസ്തുത പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്.

സംസ്ഥാനത്ത് പ്രകൃതി വിഭവ പരിപാലനം, പരിസ്ഥിതി സംരക്ഷണം എന്നീ മേഖലകളിൽ വിദൂര സംവേദനവും (Remote sensing), ഭൗമ വിവര വ്യവസ്ഥയും (ജി.ഐ.എസ്) ഉപയോഗിച്ചുള്ള പഠനങ്ങളും ഗവേഷണങ്ങളും പദ്ധതികളും രൂപപ്പെടുത്തുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള കേന്ദ്രമായ, കേരള സംസ്ഥാന വിദൂര സംവേദന പരിസ്ഥിതി കേന്ദ്രം (KSREC) ആണ് കേരളത്തിലെ മുഴുവൻ നെൽകൃഷി ഭൂമിയുടെയും ജി.പി.എസ് അധിഷ്ഠിത ഡാറ്റാബേസ് സൃഷ്ടിക്കുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിച്ചു വരുന്നത്. കേരളാ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമവുമായി ബന്ധപ്പെട്ട് ഉപഗ്രഹ വിവരങ്ങൾ അടിസ്ഥാനമാക്കിയുള്ള റിപ്പോർട്ടുകൾ തയ്യാറാക്കുന്നതും ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള KSREC ആണ്.

**(ബി)** തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, തൊഴിലുറപ്പ് തൊഴിലാളികളുടെ സേവനം എന്നിവ ഏകോപിപ്പിച്ചുകൊണ്ടുള്ള സമഗ്രമായ കർമ്മപദ്ധതി നടപ്പിലാക്കുമോ; വിശദമാക്കുമോ;

**<u>മറുപടി:</u>** തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിനും കൃഷി വ്യാപിപ്പിക്കുന്നതിനുമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, കൃഷിക്കൂട്ടങ്ങൾ, പാടശേഖര സമിതികൾ എന്നിവയെ ഏകോപിപ്പിച്ചുകൊണ്ടുള്ള ജനകീയ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. എന്നാൽ, നിലവിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി തരിശുഭൂമി കൃഷിയോഗ്യമാക്കൽ അനുവദനീയമായ പ്രവർത്തിയല്ല. നീർത്തട പരിപാലനത്തിന്റെ ഭാഗമായി ടെറസിംഗ് (Terracing), ട്രഞ്ചുകൾ (Trenches), മഴക്കുഴികൾ (Rain Pits), ബണ്ടുകൾ (Bunds) തുടങ്ങിയ പ്രവർത്തനങ്ങൾ മാത്രമാണ് അനുവദനീയമായിട്ടുള്ളത്. ഐക്യരാഷ്ട്രസഭയുടെ 2026-ലെ അന്താരാഷ്ട്ര വനിതാ കർഷക വർഷത്തിന്റെ ഭാഗമായി തരിശുഭൂമികൾ കൃഷിയോഗ്യമാക്കി കൃഷി വ്യാപിപ്പിക്കുന്നതിലും വനിതാ കർഷകരുടെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിന് കൃഷി സഖി ഉൾപ്പടെയുള്ള പദ്ധതികൾ തയ്യാറാക്കി വരുന്നു.

**(സി)** തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിന് മുന്നിട്ടിറങ്ങുന്ന വ്യക്തികൾ, സംഘടനകൾ എന്നിവർക്ക് പ്രോത്സാഹന സമ്മാനങ്ങൾ നല്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>മറുപടി:</u>** നിലവിൽ നൽകി വരുന്ന വിവിധ വിഭാഗങ്ങളിലുള്ള കാർഷിക അവാർഡുകൾക്കായി അർഹരായവരെ തിരഞ്ഞെടുക്കുന്നതിനുള്ള ഒരു പ്രധാന സൂചകമായി തരിശുരഹിത കൃഷിയെ പരിഗണിച്ചുവരുന്നു. തരിശുഭൂമി കൃഷി മാത്രം അടിസ്ഥാനമാക്കി പ്രത്യേക അവാർഡ് ഏർപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചു തീരുമാനിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**